കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ:B2/101/2025-SEC-Part(1) തീയതി: **06-08-2025**

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ &
ജില്ലാ കളക്ടർമാർക്കും.

എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം)

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025 ലെ പൊതുതിരഞ്ഞെടുപ്പ് - വോട്ടർ പട്ടിക സൗജന്യമായി നൽകുന്നത് - അധിക നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) 03.02.2024 ലെ കമ്മീഷന്റെ 09/2024/സം.തി.ക നമ്പർ ഗസറ്റ് വിജ്ഞാപനം.
2) കമ്മീഷന്റെ 19.07.2025 ലെ ഇതേ നമ്പർ കത്ത്.
3) കമ്മീഷന്റെ 26.07.2025 ലെ ഇതേ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2025 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കരട് വോട്ടർ പട്ടികയുടെയും അന്തിമ വോട്ടർപട്ടികയും (സപ്ലിമെന്ററി ഉൾപ്പെടെ) രണ്ടു പകർപ്പുകൾ വീതം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടുള്ള ദേശീയ രാഷ്ട്രീയ പാർട്ടികൾക്കും, കേരള സംസ്ഥാന രാഷ്ട്രീയ പാർട്ടികൾക്കും സൗജന്യമായി നൽകുന്നതിന് സൂചന (2) പ്രകാരവും അതോടൊപ്പം, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ കേരള സംസ്ഥാനത്ത് പ്രത്യേക തിരഞ്ഞെടുപ്പ് ചിഹ്നം അനുവദിച്ചിട്ടുള്ള പാർട്ടികൾക്കും, കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള മറ്റു രാഷ്ട്രീയ കക്ഷികൾക്കുംകൂടി നൽകുന്നതിന് സൂചന (3) പ്രകാരവും നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ, മറ്റ് സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സംസ്ഥാന പാർട്ടികൾക്കും, കേരള നിയമസഭയിലോ കേരളത്തിലെ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലോ അംഗങ്ങളുള്ള രജിസ്റ്റർ ചെയ്ത അംഗീകാരമില്ലാത്ത രാഷ്ട്രീയ പാർട്ടികൾക്കും വോട്ടർപട്ടികയുടെ പകർപ്പ് സൗജന്യമായി നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് വിവിധ രാഷ്ട്രീയ പാർട്ടികൾ കമ്മീഷനിൽ നിവേദനം സമർപ്പിക്കുകയും, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫിസർമാർ ഇക്കാര്യത്തിൽ സ്പഷ്ടീകരണം ആരായുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, സൂചന (2), (3) കത്തിൽ പരാമർശിച്ചിട്ടുള്ള രാഷ്ട്രീയ പാർട്ടികൾക്ക് പുറമെ സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടം 21 (സി) അനുസരിച്ച് സൂചന (1) ഗസറ്റ്

വിജ്ഞാപനപ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരു ചിഹ്നം സംവരണം ചെയ്തു നൽകിയിട്ടുള്ള രാഷ്ട്രീയപാർട്ടികൾക്കുംകൂടി കരട് വോട്ടർ പട്ടികയുടെയും അന്തിമ വോട്ടർപട്ടികയും (സപ്ലിമെന്ററി ഉൾപ്പെടെ) രണ്ടു പകർപ്പുകൾ വീതം സൗജന്യമായി നൽകുന്നതിന് നിർദ്ദേശം നൽകുന്നു. ഇത്തരത്തിൽ പകർപ്പ് നൽകുന്നതിന് രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന/ജില്ലാ തലവൻ ബന്ധപ്പെട്ട വ്യക്തിയെ ചുമതലപ്പെടുത്തിക്കൊണ്ടു നൽകുന്ന Authorisation Letter സഹിതം, വോട്ടർ പട്ടികയുടെ പകർപ്പിന് വേണ്ടിയുള്ള അപേക്ഷ നിർബന്ധമായും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ വാങ്ങി ഫയലായി സൂക്ഷിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 06-08-2025 10:33:30

PRAKASH.B.S
SECRETARY

പകർപ്പ് : കമ്മീഷണറുടെ പി.എസ്

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033.
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in